"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല- വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് - ശ്രീ സന്ദീപ് എം.എസ് - ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1052/2026/LSGD തീയതി,തിരുവനന്തപുരം, 23-05-2026

---

പരാമർശം:-
1. 28.07.2017ലെ സ ഉ (സാധാ)നം.2619/2017/തസ്വഭവ
2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.08.2022ലെ DDP/KLM/669/2022(E2) നമ്പർ നടപടിക്രമങ്ങൾ
3. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.10.2022ലെ DDP/KLM/1722-E2 നമ്പർ നടപടിക്രമങ്ങൾ
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.09.2023ലെ LSGD/PD/52489/2023-DEC3 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ഓഫീസിലെ ക്ലാർക്ക് ശ്രീ സന്ദീപ് എം.എസ് - ന്റെ പ്രൊബേഷൻ കാലയളവ് **29.03.2016** മുതൽ **25.09.2021**വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4)പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു .

2. ശ്രീ സന്ദീപ് എം.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം **05.07.2011** തീയതിയിൽ സേവനത്തിൽ പ്രവേശിച്ചുവെങ്കിലും ടിയാൻ **06.07.11** മുതൽ **12.04.2012** വരെ പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയും **13.04.2012** മുതൽ **29.03.2013** വരെ അനധികൃതഹാജരില്ലായ്മയിലായിരുന്നതിനാൽ പരാമർശം (1) പ്രകാരം പ്രസ്തുത കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺഡ്യൂട്ടിയായി ക്രമീകരിച്ചിരുന്നു. ശ്രീ സന്ദീപ് എം.എസ് -ന്റെ നിയമനം പരാമർശം (2) പ്രകാരം ക്രമവൽക്കച്ചിട്ടുണ്ട്. അനധികൃതഹാജരില്ലായ്മക്ക് ശേഷം ടിയാൻ ജോലിക്ക് ഹാജരായ തീയതിയായ **30.03.2013** തീയതി മുതൽ തുടർച്ചയായ രണ്ട് വർഷക്കാലയളവിനുള്ളിൽ ടിയാൻ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ എം ഒ പി പരീക്ഷ വിജയിക്കാത്ത സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് **29.03.2015** മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീ സന്ദീപ് എം എസ്-

ന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ 23.09.2021 ന് എം ഒ പി വിജയിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 23.09.2021 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിച്ച കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്ത് ക്ലാർക്ക് ഓഫീസിലെ ക്ലർക്ക് ശ്രീ സന്ദീപ് എം.എസ് -ന്റെ പ്രൊബേഷൻ കാലയളവ് 24.09.2021 തീയതിയിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ നിരീക്ഷണകാലം KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 29.03.2016 മുതൽ 25.09.2021 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീ സന്ദീപ് എം.എസ്, ക്ലർക്ക് , വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.290/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 23-03-2026 14:56:18